## ലേബർ കമ്മീഷണറുടെ നടപടിക്രമം

**(സാന്നിദ്ധ്യം : സഫ്ന നസറുദ്ദീൻ ഐ എ എസ്)**

വിഷയം: തൊഴിൽ വകുപ്പ് – 1958 ലെ മിനിമം വേതന ചട്ടങ്ങൾ - വേനൽക്കാല പശ്ചാത്തലത്തിൽ വെയിലത്ത് ജോലി ചെയ്യുന്ന തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജോലി സമയക്രമീകരണം – സംബന്ധിച്ച്

വായന:
1. ലേബർ കമ്മീഷണറുടെ 13.02.2026 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
2. ബഹു. കൽപ്പറ്റ എം.എൽ.എ. അഡ്വ. ടി. സിദ്ദിഖ് 16.02.2026 തീയതിയിൽ ബഹു. തൊഴിൽ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം

**ഉത്തരവ് നമ്പർ LCO/667/2026-EN(2) തീയതി:** 17-03-2026

സംസ്ഥാനത്ത് താപനില ക്രമാതീതമായി ഉയർന്നിരുന്ന സാഹചര്യത്തിൽ തോട്ടം മേഖല ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ വായനയിലെ ഉത്തരവ് പ്രകാരം ജോലി സമയം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സമുദ്രനിരപ്പിൽ നിന്നും 3,000 അടിയിൽ കൂടുതൽ ഉയരമുള്ള തോട്ടങ്ങളെ സൂര്യാഘാതത്തിന് സാധ്യതയില്ല എന്ന കാരണത്താൽ ഈ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ സംസ്ഥാനത്ത് അനുഭവപ്പെടുന്ന നിലവിലെ ഉഷ്ണതരംഗത്തിന്റെ വ്യാപ്തി കണക്കിലെടുത്ത് വായന (1) പ്രകാരം തോട്ടം മേഖലയ്ക്ക് അനുവദിച്ചിരുന്ന ഇളവ് എടുത്തുമാറ്റി തോട്ടം മേഖലയിലെ എല്ലാ തോട്ടങ്ങളെയും ഈ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പരിശോധനയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള മറ്റ് നിർദ്ദേശങ്ങൾ അതേപടി തുടരേണ്ടതാണ്.

Safna Nazarudeen
LABOUR COMMISSIONER

പകർപ്പ് :

1. എല്ലാ ജില്ലാ കളക്ടർമാർക്കും
2. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
3. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
4. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
5. പബ്ലിസിറ്റി ഓഫീസർ
6. ഐ.റ്റി.സെൽ
7. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്(എൻഫോഴ്സ്മെന്റ്)